(ബി) മാധ്യമങ്ങൾ വഴിയോ അല്ലാതെയോ റിപ്പോർട്ട് ചെയ്യപ്പെട്ട ന്യൂനപക്ഷങ്ങളെ ബാധിക്കുന്ന വിഷയത്തിൽ കാര്യമായ ഇടപെടൽ നടത്താൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ അവയുടെ കൂടുതൽ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ) ഉണ്ട്. 2013-ലെ 37-ാം നമ്പർ ഓർഡിനൻസ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ രൂപീകരിച്ചു. 5-6-2013-ലെ സ.ഉ.(അച്ചടി) നമ്പർ 163/2013/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അഡ്വ. എം. വീരാൻകുട്ടിയെ ചെയർമാനായും അഡ്വ. വി. വി. ജോഷി, അഡ്വ. കെ. പി. മറിയുമ്മ എന്നിവരെ അംഗങ്ങളായും നിയമിച്ചു.

(ബി) ഉണ്ട്. ആരോഗ്യ വകുപ്പിൽ എൻ.സി.എ. പ്രകാരം നഴ്സുമാരെ നിയമിക്കുന്ന വിഷയത്തിൽ ഉണ്ടായ കാലതാമസം പരിഹരിക്കുന്നതിനും കോഴിക്കോട് ജില്ലയിലെ വിവിധ അനാഥാലയങ്ങളിലേക്ക് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കുട്ടികളെ കൊണ്ടുവന്നതുമായി ബന്ധപ്പെട്ട വിഷയത്തിലും ശിക്ഷാകാലാവധി കഴിഞ്ഞശേഷവും സ്വദേശത്തേക്ക് പോകാൻ കഴിയാത്ത ബംഗ്ലാദേശ് പൗരൻമാരുടെ വിഷയത്തിലും ആരാധനാലയങ്ങളുടെയും ഖബർസ്ഥാനുകളുടെയും നിർമ്മാണത്തിന് കളക്ടറുടെ എൻ.ഒ.സി. ലഭ്യമാക്കുന്നതിനുള്ള നടപടികളിലും മറ്റു നിരവധി വിഷയങ്ങളിലും കമ്മീഷൻ സമയോചിതമായി ഇടപെട്ട് പരിഹാരങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെ പ്രവർത്തനങ്ങൾ

190 (1628) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നിട്ട് എത്ര മാസമായി ; ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ കമ്മീഷൻ ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട് ;

(സി) ഇതിൽ ചെയർമാൻ അടക്കം എത്ര പേർ അംഗങ്ങളായിട്ടുണ്ട് ; എത്ര ജീവനക്കാരുണ്ട് ; ഇവർക്കൊക്കെ ശമ്പളയിനത്തിലും അലവൻസ് ഇനത്തിലും പ്രതിമാസം എത്ര രൂപ വേണ്ടിവരും ; വിശദാംശങ്ങൾ അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18 മാസം. സംസ്ഥാനത്ത് ന്യൂനപക്ഷങ്ങളുടെ വികസനത്തിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനുള്ള ആസൂത്രണ നടപടികളിൽ പങ്കെടുക്കുകയും ഉപദേശിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുക, ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള വിവേചനങ്ങളിൽ നിന്നുണ്ടാവുന്ന പ്രശ്നങ്ങൾ പഠന വിധേയമാക്കുകയും അവ ഒഴിവാക്കുന്നതിന് നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, ന്യൂനപക്ഷത്തെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, ന്യൂനപക്ഷങ്ങളുടെ സംരക്ഷണവും ക്ഷേമവും വികസനവും ഉന്നമനവുമായി ബന്ധപ്പെട്ട് നിർണയിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റ് ചുമതലകൾ നിർവഹിക്കുക, ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട സർക്കാർ ഏൽപിച്ചുകൊടുക്കുന്ന മറ്റേതെങ്കിലും കാര്യം ചെയ്യുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

(ബി) ന്യൂനപക്ഷ അവകാശ ലംഘനവും വിവേചനവും സംബന്ധിച്ച് ലഭിച്ച വിവിധ പരാതികളിൻമേൽ സമയബന്ധിതമായി തീർപ്പുകൽപിക്കുക, വിവിധ പ്രശ്നബാധിത പ്രദേശങ്ങൾ സന്ദർശിച്ച് പഠനം നടത്തി ബന്ധപ്പെട്ട അധികാര സ്ഥാപനങ്ങളുമായി ചേർന്ന് പരിഹാര നടപടികൾ സ്വീകരിക്കുകയും ജില്ലകൾതോറും യോഗങ്ങൾ സംഘടിപ്പിച്ച് ന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ജില്ലാ ഭരണകൂടവുമായും ജില്ലാതല ഉദ്യോഗസ്ഥരുമായും ചർച്ച നടത്തുകയും കമ്മീഷന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ന്യൂനപക്ഷങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങളാണ് പ്രധാനമായും കമ്മീഷൻ നടത്തിയിട്ടുള്ളത്.

(സി) സംസ്ഥാന ന്യൂനപക്ഷ കമ്മീഷനിൽ ചെയർമാൻ അടക്കം 3 അംഗങ്ങളാണുള്ളത്. ഡെപ്യൂട്ടേഷൻ മുഖേന ആറ് ജീവനക്കാരും കരാറടിസ്ഥാനത്തിൽ അഞ്ച് ജീവനക്കാരും ഔട്ട്സോഴ്സിംഗ് മുഖേന ഒരാളും ജോലി നോക്കുന്നുണ്ട്. ഇവരുടെ ശമ്പളവും അലവൻസും ഇനത്തിൽ പ്രതിമാസം 935221 രൂപ ചെലവു വരുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു :

ചെയർമാൻ	1,81,600
മെമ്പർ (2 പേർ)	1,71,653
മെമ്പർ സെക്രട്ടറി	91,540
രജിസ്ട്രാർ	80,122
ഫിനാൻസ് ഓഫീസർ	50,875
സെക്ഷൻ ഓഫീസർ	45,134
അസിസ്റ്റന്റ് (2 പേർ)	25,187
ജൂനിയർ അസിസ്റ്റന്റ് (കരാർ) (2 പേർ)	18,006
ഓഫീസ് അറ്റന്റന്റ് കം ഡ്രൈവർ (കരാർ) (2 പേർ)	16,659
പി.എ. ടു ചെയർമാൻ (കരാർ)	18,940
പാർട്ട് ടൈം സ്വീപ്പർ (ഔട്ട് സോഴ്സ്)	4,000

ന്യൂനപക്ഷ വികസനം

191 (1629) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം ന്യൂനപക്ഷ വിഭാഗത്തിന്റെ നാനോന്മുഖ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

താഴെ ചേർത്ത പദ്ധതികൾ നടപ്പാക്കി വരുന്നു :

1. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് യു.പി.എസ്.സി., പി.എസ്.സി., ബാങ്കിംഗ് സർവ്വീസ് തുടങ്ങിയ മത്സര പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് 'മുസ്ലിം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രം' എന്ന പേരിൽ പരിശീലനകേന്ദ്രങ്ങളും അവയുടെ ഉപകേന്ദ്രങ്ങളും ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.
2. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി
3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങളുടെ സ്വന്തം വിവാഹത്തിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly